# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1455

07.06.2018-ൽ
മറുപടിയ്ക്ക്

## എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല

*ചോദ്യം*
ശ്രീ.കെ.വി.വിജയദാസ്

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയെ ലോകോത്തര നിലവാരത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയോടും കൂടി മാറ്റുന്നതിനായി സർക്കാർ സർവ്വകലാശാല ആക്റ്റിൽ വേണ്ടുന്ന ഭേദഗതി വരുത്തി ഓർഡിനൻസ് പുറത്തിറക്കുകയുണ്ടായി. അത് പ്രകാരം സർവ്വകലാശാല പ്രവർത്തനം മികവുറ്റതാക്കുന്നതിനു വേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ എന്നിവ പുനഃസംഘടിപ്പിക്കുവാനും ബോർഡ് ഓഫ് സ്റ്റഡീസ്, പ്ലാനിംഗ് ബോർഡ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലയുടെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് കാര്യങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പൂർണ്ണമായും ഇ-ഗവേർണൻസ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇ-ഗവേർണൻസ് സംവിധാനത്തിൽ വേണ്ട പരിഷ്കാരങ്ങൾ പുന:പരിശോധനകൾക്കായി സർവ്വകലാശാലയുടെ തന്നെ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകർ അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | മറ്റ് സാങ്കേതിക സർവ്വകലാശാലകളെ അപേക്ഷിച്ച് പരീക്ഷ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും മറ്റും എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ സ്ഥിതി വളരെ പരിതാപകരമാണെന്ന മാധ്യമവാർത്തകളിൽ | (ബി) & (സി) | ഇല്ല. പരീക്ഷ, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയുടെ മേൽനോട്ടത്തിനും വിലയിരുത്തലിനുമായി പ്രൊ വൈസ് ചാൻസലർ കൺവീനർ ആയി സർവ്വകലാശാലയുടെ Statutory Officer മാർ അടങ്ങുന്ന ഒരു സമിതിയെ രൂപീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ അക്കാഡമിക് കലണ്ടർ പ്രകാരം യഥാസമയം ഫലം പ്രസിദ്ധീകരിക്കുവാൻ |

| | | | |
|---|---|---|---|
| | എന്തെങ്കിലും വസ്തുതയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | | ശ്രമിക്കാറുണ്ട്. ഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. |
| (സി) | ഇത് പരിഹരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ